**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 286** **12-03-2025 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2030-ൽ റോഡപകടങ്ങൾ പകുതിയായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി നാറ്റ്പാക് എന്തെങ്കിലും പദ്ധതി തയ്യാറാക്കി ഗതാഗതവകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | രണ്ടായിരത്തി മുപ്പതോടെ (2030) സംസ്ഥാനത്തെ റോഡ് അപകടങ്ങൾ 50% കുറയ്ക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി നാറ്റ്പാക്ക് കേരളത്തിനായി ഒരു റോഡ്സുരക്ഷാ ആക്ഷൻ പ്ലാനിന്റെ (Road Safety Action Plan for Kerala 2025-30 ) കരട് തയ്യാറാക്കി മോട്ടോർവാഹന വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അഭിപ്രായങ്ങൾ തേടുന്നതിനായി 20-02-2025-ന് സമർപ്പിച്ചിട്ടുണ്ട്. അതാത് വകുപ്പുകൾ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദമാക്കുമോ; | (ബി) | ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാർ മുഖാന്തിരമുള്ള ഫണ്ടിംഗ് സ്രോതസ് പ്രതിപാദിച്ചിട്ടുണ്ട്. ആയതിനോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം, ഓഹരി പങ്കാളിത്തമുള്ള വകുപ്പുകളുടെ / ഏജൻസികളുടെ തനത് ഫണ്ടുകൾ, റോഡ് ഉപഭോക്തൃ ചാർജ്ജുകൾ, ഇന്ധന നികുതി, ഇൻഷുറൻസിന്റെ നികുതി, സി എസ് ആർ ഫണ്ടുകൾ, ട്രാഫിക് പിഴകളുടെയും സാമൂഹിക ആഘാത ബോണ്ടുകളുടെയും ഉപയോഗം, ബഹുമുഖ വായ്പാ സ്ഥാപനങ്ങൾ വഴിയുള്ള ധനസഹായം, സ്വകാര്യ മേഖലയുടെ സ്പോൺസർഷിപ്പ്/ നിക്ഷേപങ്ങൾ, അന്താരാഷ്ട്ര ഫണ്ടിങ്ങും ജീവകാരുണ്യ സംഭാവനകൾ തേടുന്നതും ധനസഹായ ഉറവിടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അപകടമേഖലകളായ ബ്ലാക്ക്സ്പോട്ടുകൾ പുതുക്കി നിർണ്ണയിക്കാനും പ്രസ്തുത മേഖലകളിൽ ഗതാഗതവകുപ്പ് ഉദ്യോഗസ്ഥരെ നിരന്തരനിരീക്ഷണത്തിന് നിയോഗിക്കാനും ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | അപകട മേഖലകളായ ബ്ലാക്ക് സ്പോട്ടുകൾ പുതുക്കി നിർണയിക്കുന്നത് നാറ്റ്പാക് ആണ്. ഓരോ മൂന്ന് വർഷത്തെയും റോഡപകട വിവരങ്ങൾ അടിസ്ഥാനമാക്കി കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമാണ് ബ്ലാക്ക് സ്പോട്ടുകൾ നിശ്ചയിക്കേണ്ടത്. ഇതിനുള്ള പഠന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് |

| | | | |
|---|---|---|---|
| | | | കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള കേരളാ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നുമാണ് നാറ്റ്പാക്കിന് നൽകിവരുന്നത്. ഓരോ വർഷവും ബ്ലാക്ക് സ്പോട്ടുകൾ പുതുക്കി നിർണ്ണയിക്കേണ്ടതിനാൽ ഓരോ വർഷവും റോഡപകട വിവരങ്ങൾ പോലീസ് വകുപ്പ് നാറ്റ്പാക്കിന് കൈമാറുന്നുണ്ട്.<br><br>സംസ്ഥാനത്തിലെ റോഡപകട ബ്ലാക്ക്സ്പോട്ടുകൾ പുതുക്കി നിർണയിക്കാനുള്ള പ്രാരംഭ നടപടികൾ നാറ്റ്പാക് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ